ശൈഖ് മുഹമ്മദ് കാരകുന്ന്

# സ്നേഹവും സമർപ്പണവും

**ഫറവോന്റെ** ആജ്ഞയനുസരിച്ചാണ് മാരണക്കാർ മത്സരരംഗത്തെത്തിയത്. മൂസാനബിയെ അനായാസം പരാജയപ്പെടുത്താമെന്നായിരുന്നു അവരുടെ പ്രതീക്ഷ, അങ്ങനെ ചക്രവർത്തിയുടെ പ്രീതിയും പ്രതിഫലവും നേടാമെന്നും. അതവർ ഉറപ്പുവരുത്തുകയും ചെയ്തു. ഫറവോനോട് മാരണക്കാർ ചോദിച്ചു: 'ഞങ്ങൾ വിജയിക്കുകയാണെങ്കിൽ ഞങ്ങൾക്ക് മികച്ച പ്രതിഫലമുണ്ടാകുമെന്ന് ഉറപ്പാണല്ലോ'( ഖുർആൻ: 7:113, 26: 41).

ഫറവോന്റെ വാഗ്ദാനം അവരുടെ കണക്കുകൂട്ടലുകൾക്കും അപ്പുറമായിരുന്നു. അയാൾ പറഞ്ഞു: 'അതെ, ഉറപ്പായും. അപ്പോൾ നിങ്ങൾ നമ്മുടെ സ്വന്തക്കാരായിത്തീരും; തീർച്ച'(7:114, 26:42) .

മത്സരം നടന്നു. മൂസാനബി(അ) വിജയിച്ചു. മാരണക്കാർക്ക് സത്യം ബോധ്യമായി. തങ്ങളുടേത് വെറും ജാലവിദ്യയാണ്. മൂസായുടേത് ദൈവികദൃഷ്ടാന്തവും. അതിനാൽ മൂസാ ദൈവദൂതൻ തന്നെ; തീർച്ച . അവർ ഉറക്കെ പ്രഖ്യാപിച്ചു: 'ഞങ്ങളിതാ പ്രപഞ്ചനാഥനിൽ വിശ്വസിച്ചിരിക്കുന്നു. മൂസായുടെയും ഹാറൂന്റെയും നാഥനിൽ'(7:121, 122, 26:47,48).

താൻ ക്ഷണിച്ചുവരുത്തിയ മാരണക്കാരുടെ മനംമാറ്റം ഫറവോന് സഹിക്കാവുന്നതിലപ്പുറമായിരുന്നു. അയാൾ ആക്രോശിച്ചു: 'ഞാൻ അനുവാദം തരുംമുമ്പെ നിങ്ങളവനിൽ വിശ്വസിക്കുകയോ? തീർച്ചയായും നിങ്ങളെ ജാലവിദ്യ പഠിപ്പിച്ച നിങ്ങളുടെ തലവനാണിവൻ. ഇതിന്റെ ഫലം ഇപ്പോൾ തന്നെ നിങ്ങളറിയും. ഞാൻ നിങ്ങളുടെ കൈകാലുകൾ എതിർവശങ്ങളിൽ ഛേദിക്കും. പിന്നെ, ഈന്തപ്പനത്തടികളിൽ നിങ്ങളെയൊക്കെ ഞാൻ കുരിശിൽ തറക്കും. തീർച്ച. നമ്മിലാരാണ് ഏറ്റവും ദീർഘവും കഠിനവുമായ ശിക്ഷ നടപ്പാക്കുന്നവരെന്ന് അപ്പോൾ നിങ്ങൾ ഉറപ്പായും അറിയും'(20:71, 26: 49).

മാരണക്കാർ വീട്ടിൽ നിന്നിറങ്ങിപ്പുറപ്പെട്ടത് വിലപിടിച്ച സമ്മാനങ്ങൾ പ്രതീക്ഷിച്ചാണ്. ആ സമ്മാനം സ്വീകരിക്കേണ്ട കൈകളാണ് കൊത്തിനുറുക്കപ്പെടാൻ പോകുന്നത്. സ്വന്തം കുടുംബങ്ങൾക്ക് കാണേണ്ടിവരിക, സമ്മാനങ്ങളുമായി വരുന്ന ഗൃഹനാഥനുപകരം അയാളുടെ മൃതശരീരമാണ്. ഇതൊക്കെ നന്നായറിയാമായിരുന്നിട്ടും മാരണക്കാർ പതറിയില്ല. പിന്നിട്ട നിമിഷാർധത്തിൽ അവരുടെ മനസ്സിൽ നിന്ന് ഭൗതികനേട്ടങ്ങളോടുള്ള ആർത്തി പടിയിറങ്ങി. പകരം അല്ലാഹുവോടും അവന്റെ പ്രീതിയോടുമുള്ള അതിയായ സ്നേഹം സ്ഥാനമുറപ്പിച്ചു. അതിനാൽ അവർ ധീരതയോടെ പ്രഖ്യാപിച്ചു: 'വിരോധമില്ല. ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് തിരിച്ചു പോകുന്നവരാണ്. ഫറവോന്റെ അനുയായികളിൽ നിന്ന് ആദ്യം വിശ്വസിക്കുന്നവർ ഞങ്ങളാവുന്നതിലൂടെ ഞങ്ങളുടെ നാഥൻ പാപങ്ങളൊക്കെ പൊറുത്തുതരണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു. ഞങ്ങൾക്കു വന്നെത്തിയ വ്യക്തമായ തെളിവുകളെക്കാളും ഞങ്ങളെ സൃഷ്ടിച്ചവനെക്കാളും ഞങ്ങളൊരിക്കലും താങ്കൾക്ക് പ്രാമുഖ്യം കൽപിക്കുകയില്ല. അതിനാൽ നീ വിധിച്ചു കൊള്ളുക. ഈ ഐഹിക ജീവിതത്തിൽ മാത്രമേ നിന്റെ വിധി നടക്കുകയുള്ളൂ. ഉറപ്പായും ഞങ്ങളുടെ നാഥന്റെ അടുക്കലേക്കാണ് ഞങ്ങൾക്ക് മടങ്ങിച്ചെല്ലാനുള്ളത്. ഞങ്ങളുടെ നാഥന്റെ തെളിവുകൾ വന്നെത്തിയപ്പോൾ ഞങ്ങളതിൽ വിശ്വസിച്ചു. അതിന്റെ പേരിൽ മാത്രമാണല്ലോ നീ പ്രതികാരത്തിനൊരുങ്ങുന്നത്. ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ ക്ഷമ നൽകേണമേ! ഞങ്ങളെ നീ മുസ്‌ലിംകളായി മരിപ്പിക്കേണമേ!'(20:72,73 7:125,126).

സ്നേഹമെന്ന പദം പോലും സുന്ദരമാണ്. അത് കിട്ടാൻ കൊതിക്കാത്തവരില്ല. മറ്റുള്ളവർക്കത് നൽകാൻ പിശുക്കു കാണിക്കുന്നവരും തനിക്കത് ലഭിക്കണമെന്നാഗ്രഹിക്കുന്നു. എത്ര കൊടുത്താലും കുറയാത്ത അക്ഷയഖനി.

സ്നേഹം ആത്മീയമാണ്. അതിനെ ഭൗതികമാനങ്ങൾകൊണ്ട് അളക്കാനോ അക്കങ്ങളുടെ കോളത്തിൽ ചേർക്കാനോ കഴിയില്ല. മാതാവിനോടും സഹോദരിയോടും ഭാര്യയോടും മക്കളോടും കൊച്ചു കുട്ടിയോടും വൃദ്ധരോടും പൂവിനോടും പൂനിലാവിനോടുമുള്ള സ്നേഹം ഒരുപോലെയല്ലല്ലോ. അവയൊന്നും അളന്ന് കണക്കാക്കാനോ വേർതിരിച്ച് അടയാളപ്പെടുത്താനോ സാധ്യവുമല്ല.

ഏതൊരാളും താൻ സ്നേഹിക്കുന്നതിനു വേണ്ടി സർവതും സമർപ്പിക്കാൻ സന്നദ്ധനായിരിക്കും. തന്റെ പ്രേമഭാജനത്തിന്റെ അടുത്തെത്താൻ ഘനാന്ധകാരമുള്ള അർധരാത്രിയിൽ അനേകദൂരം നടന്നു പോവുന്ന കാമുകൻ അതിന്റെ പേരിൽ പ്രയാസമനുഭവിക്കുകയോ പരാതി പറയുകയോ ഇല്ല. തന്റെ പിഞ്ചുപൈതലിന് രോഗം ബാധിക്കുമ്പോൾ, എത്രയോ ദിനരാത്രങ്ങൾ ഊണും ഉറക്കവും ഉപേക്ഷിക്കേണ്ടി വന്നാലും മാതാവിന് അതൊരു ഭാരമായി അനുഭവപ്പെടുകയില്ല. സമ്പത്തിനെ സർവപ്രധാനമായിക്കാണുന്ന ധനപൂജകൻ ഏറെ കഷ്ടപ്പാടുകൾ സഹിച്ചും ധനം സമ്പാദിക്കാൻ സദാ ശ്രമിക്കുന്നു. താൻ സ്നേഹിക്കുന്ന നടനെയോ നേതാവിനെയോ ഒരുനോക്കു കാണാൻ എന്ത് പ്രയാസവും സഹിക്കാൻ തയാറായി എത്രയോ പേർ.

മാതാപിതാക്കൾ, മക്കൾ, ഭാര്യാ-ഭർത്താക്കൻമാർ, സഹോദരീ സഹോദരന്മാർ, സുഹൃത്തുക്കൾ, നാട്, വീട്, സമ്പത്ത്, സുഖസൗകര്യങ്ങൾ പോലുള്ള പലതിനോടും സ്നേഹവും താൽപര്യവും

തോന്നുക സ്വാഭാവികമാണ്. മാനവരാശിയുടെ സുഗമമായ നിലനിൽപിന് അതനിവാര്യവുമാണ്. എന്നാൽ ഏതിനെയാണ് മനുഷ്യൻ പരമമായി സ്നേഹിക്കേണ്ടത്? അത് ഇവയിലേതെങ്കിലുമൊന്നാവുന്നതിൽ ഒരർഥവുമില്ല. അതിനാലാണ് മനുഷ്യന്റെ പരമമായ സ്നേഹം, അവന് ജീവനും ജീവിതവും ജീവിത വിഭവങ്ങളും നൽകിയ ദൈവത്തോടായിരിക്കണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നത്.

'സത്യവിശ്വാസികൾ പരമമായി സ്നേഹിക്കുന്നത് അല്ലാഹുവിനെയാണ്' (ഖുർആൻ.2:165).

ഐഹിക ജീവിത വിഭവങ്ങളോടുള്ള ഇഷ്ടവും സ്നേഹവും, അല്ലാഹുവോടുള്ള സ്നേഹത്തിന് വിധേയമായിരിക്കണം.

'സ്ത്രീകൾ, മക്കൾ, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിയിടങ്ങൾ എന്നീ ഇഷ്ട വസ്തുക്കളോടുള്ള സ്നേഹം മനുഷ്യർക്ക് ചേതോഹരമായിത്തോന്നുന്നു. അതൊക്കെയും ഐഹികജീവിതത്തിലെ സുഖഭോഗ വിഭവങ്ങളാണ്. എന്നാൽ ഉത്തമ സങ്കേതം അല്ലാഹുവിങ്കലാകുന്നു'( 3:14).

സമ്പത്തിനോടും ഭൗതിക സുഖങ്ങളോടുമുള്ള ഈ സ്നേഹം അതിരുകവിയരുതെന്ന് അല്ലാഹു അനുശാസിക്കുന്നു. അങ്ങനെ സംഭവിക്കുന്നതിനെ അതിശക്തമായി ആക്ഷേപിക്കുകയും ചെയ്യുന്നു.

പരമമായ സ്നേഹം അല്ലാഹുവിനോടാകുന്നതോടെ മറ്റെല്ലാറ്റിനേക്കാളും അവനു പ്രാധാന്യം കൽപിക്കാനും സർവതും അവനു സമർപ്പിക്കാനും അനായാസം സാധിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ മാർഗത്തിൽ അനുഭവിക്കേണ്ടി വരുന്ന ഏതു പ്രയാസവും കഷ്ട-നഷ്ടവും ഒട്ടും അലോസരമോ അസ്വസ്ഥതയോ ഉണ്ടാക്കുകയില്ല. അതിന്റെ പേരിൽ മടുപ്പോ മുഷിപ്പോ അനുഭവപ്പെടുകയില്ല.ആരോടും ഒരു പരാതിയും പറയുകയില്ല. അതൊക്കെയും ആഹ്ലാദകരവും അനുഭൂതിദായകവുമായി അനുഭവപ്പെടും. ഇബ്രാഹിം പ്രവാചകന് ഭൂമിയിൽ ഏറ്റവും പ്രിയപ്പെട്ടത് മകൻ ഇസ്മാഈലായിരുന്നു. എന്നാൽ അതിനെക്കാൾ സ്നേഹം അല്ലാഹുവിനോടായിരുന്നു. അതിനാൽ, മകനെ ബലി നൽകാനുള്ള അവന്റെ ശാസന ശിരസാ വഹിക്കാൻ ഒട്ടും പ്രയാസമുണ്ടായില്ല. അത് മനുഷ്യചരിത്രത്തിലെ മഹാസംഭവമായി മാറുകയും ചെയ്തു.

ഉമർ വീട്ടിൽനിന്ന് ഇറങ്ങിപ്പുറപ്പെട്ടത് പൂർവികാചാരങ്ങളോടും പാരമ്പര്യങ്ങളോടുമുള്ള സ്നേഹത്താൽ പ്രചോദിതനായിട്ടാണ്. എന്നാൽ വഴിയിൽ വെച്ച് സത്യം ബോധ്യമായ നിമിഷംമുതൽ സ്നേഹം അല്ലാഹുവോടും പ്രവാചകനോടും ഇസ്‌ലാമിനോടുമായി.

ഖൻസാഅ് വിഖ്യാത കവയിത്രിയായിരുന്നു. പ്രവാചക നിയോഗത്തിനു മുമ്പുനടന്ന ഒരു യുദ്ധത്തിൽ അവരുടെ മൂത്ത സഹോദരൻ മുആവിയ മരണമടഞ്ഞു. ഇളയസഹോദരൻ സഖറിന് മാരകമായി മുറിവേറ്റു. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ അവർ കഠിനാധ്വാനം ചെയ്തെങ്കിലും വിജയിച്ചില്ല. അതോടെ ഖൻസാഅ് ഉന്മാദിനിയെപ്പോലെയായി. അവർ അനേകകാലം സഹോദരന്മാരെ ഓർത്ത് കരഞ്ഞ് കഴിഞ്ഞുകൂടി. കടിച്ചമർത്താനാവാത്ത കദനഭാരം അവരുടെ കാവ്യഭാവനക്ക് ചിറകു നൽകി. അവരുടെ നാവിലൂടെ വിലാപകാവ്യങ്ങൾ സദാ ഒഴുകിക്കൊണ്ടിരുന്നു. സഹോദരന്മാരെക്കുറിച്ച് സംസാരിക്കുമ്പോഴെല്ലാം അവർ മാറത്തും തലയിലും തല്ലും. വസ്ത്രങ്ങൾ വലിച്ചുകീറും.

പിന്നീട് ഖൻസാഅ് ഇസ്‌ലാം സ്വീകരിച്ചു. ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്ത് ചരിത്ര പ്രസിദ്ധമായ ഖാദ്സിയാ യുദ്ധം നടക്കുമ്പോൾ അവർ വയോവൃദ്ധയായിരുന്നു. ജീവിത സായാഹ്നത്തിൽ താങ്ങും തണലുമായുണ്ടായിരുന്നത് നാല് ആൺമക്കളാണ്. യുദ്ധാഹ്വാനമുണ്ടായപ്പോൾ ഖൻസാഅ് അവരെ അരികിൽ വിളിച്ചു വരുത്തി പറഞ്ഞു: 'നാളെ യുദ്ധം ശക്തിപ്രാപിക്കുകയും അടർക്കളം ആളിക്കത്തുകയും ചെയ്യുമ്പോൾ നിങ്ങൾ ശത്രുനിരകൾ മുറിച്ചുകടന്ന് മുന്നേറുക. അസത്യത്തിനെതിരെ ധീരമായി പൊരുതുക. സഹായത്തിനും വിജയത്തിനുമായി അല്ലാഹുവോട് പ്രാർഥിക്കുക. അല്ലാഹു ഉദ്ദേശിച്ചാൽ പരലോകത്ത് ഉന്നതസ്ഥാനത്തെത്താം. യുദ്ധത്തിൽ വിജയം വരിക്കുകയും ചെയ്യാം.'

ഖാദ്സിയാ യുദ്ധത്തിൽ മുസ്‌ലിംകൾ വിജയിച്ചുവെങ്കിലും ഖൻസാഇന്റെ നാലുമക്കളും വധിക്കപ്പെട്ടു. മക്കൾ രക്തസാക്ഷികളായ വിവരമറിഞ്ഞ ആ മാതാവിന്റെ പ്രതികരണം ആരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. 'അല്ലാഹുവിനാണ് സർവസ്തുതിയും. അവൻ എന്റെ മക്കൾക്ക് രക്തസാക്ഷ്യപദവി നൽകി അനുഗ്രഹിച്ചിരിക്കുന്നു. അതുവഴി എന്നെ ശ്രേഷ്ഠയാക്കിയിരിക്കുന്നു. നാളെ ദിവ്യ കാരുണ്യത്തിന്റെ തണലിൽ അവരുമായി സന്ധിക്കുവാൻ അവൻ തുണക്കുമാറാകട്ടെ.'

മറ്റെന്തിനേക്കാളും അല്ലാഹുവിനെ സ്നേഹിക്കാനും അവന് പ്രാമുഖ്യം കൽപിക്കാനും സാധിക്കുമ്പോഴാണ് വിശ്വാസം മഹാവിസ്മയങ്ങൾക്ക് വഴിയൊരുക്കുക. ■